**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4423 | 21.03.2018-ൽ മറുപടിക്ക് |
|---|---|

## സ്ത്രീ സുരക്ഷയ്ക്കായുള്ള നടപടികൾ

| ചോദ്യം<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. സി. കൃഷ്ണൻ<br>,, സി.കെ. ഹരീന്ദ്രൻ<br>പ്രൊഫ. കെ.യു. അരുണൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | മാനവികതയ്ക്ക് അപമാനകരമായ സ്ത്രീവാണിഭം സംസ്ഥാനത്ത് നടക്കുന്നുണ്ടെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഇത്തരം ക്രിമിനൽ സംഘങ്ങളെ അമർച്ച ചെയ്യുവാനായി സ്ത്രീ സുരക്ഷ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | മാനവികതയ്ക്ക് അപമാനകരമായ സ്ത്രീവാണിഭ ക്രിമിനൽ സംഘങ്ങൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീ സുരക്ഷ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്ക് പല കർമ്മപരിപാടികളും നടത്തിവരുന്നു. ആയതിന്റെ ഭാഗമായി ജനമൈത്രി സുരക്ഷ പദ്ധതി മുഴുവൻ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിക്കുകയും സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്ത്രീ സൗഹൃദ ഓട്ടോറിക്ഷ, സെൽഫ് ഡിഫൻസ് പദ്ധതി, പിങ്ക് പട്രോൾ സംവിധാനം എന്നിവയും നടപ്പിലാക്കി വരുന്നു. ജനമൈത്രി സംവിധാനം ഉപയോഗിച്ച് സ്ത്രീകളുടെ പരാതികളിൽ പ്രത്യേകം ശ്രദ്ധ നൽകി വരുന്നുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ മുൻനിർത്തി വനിതാ വോളന്റിയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച നിർഭയാ പദ്ധതിയും നടപ്പാക്കി വരുന്നു. |
| (ബി) | എല്ലാ പൊലീസ് സ്റ്റേഷനുകളിലും രണ്ട് വനിതാ പൊലീസുകാരെ വീതമെങ്കിലും നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ഒഴികെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നിലവിൽ രണ്ടിൽ കുറയാത്ത എണ്ണം വനിതാ പോലീസുകാരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (സി) | സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ കർശനമായി നിയന്ത്രിക്കാൻ നിലവിലെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലുകളുടെ സഹായത്താൽ സ്ത്രീകൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ